II ഇ.ബി. XV- കേരള നിയമസഭ/XVI-3

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2026 ഫെബ്രുവരി 2, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ശബരിമല സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും എസ്.ഐ.ടി.-യുടെമേൽ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നുള്ള സമ്മർദം അവസാനിപ്പിക്കണമെന്നുമാവശ്യപ്പെട്ടുള്ള സത്യാഗ്രഹസമരം പുനരാരംഭിക്കുകയാണെന്നും പ്രതിപക്ഷാംഗങ്ങളായ സർവശ്രീ ഐ. സി. ബാലകൃഷ്ണനും എ. കെ. എം. അഷ്റഫും സഭാകവാടത്തിന് മുന്നിൽ സത്യാഗ്രഹമിരിക്കുകയാണെന്നും സഭാനടപടികളുമായി സഹകരിച്ചുകൊണ്ട് സമരവുമായി മുന്നോട്ട് പോകുകയാണെന്നും പ്രതിപക്ഷനേതാവ് സഭയെ അറിയിക്കുകയും പ്രതിപക്ഷാംഗങ്ങളൊന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയിൽനിന്നും പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരികെ വരികയും ചെയ്തു.)

11 (*61) **<u>നവകേരള നിർമ്മിതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ പങ്കാളിത്തം</u>**

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) നൽകിയ മറുപടിയിൽ, നവകേരള നിർമ്മിതിയിൽ പട്ടികവിഭാഗങ്ങളെക്കൂടി

ചേർത്തുനിർത്തുന്നതിനായി വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, സാംസ്കാരിക പൈതൃക സംരക്ഷണം, നിയമപരിരക്ഷ തുടങ്ങിയ മേഖലകളിൽ വകുപ്പുകൾ നടത്തിവരുന്ന വിവിധ ക്ഷേമ പദ്ധതികൾക്കുപുറമെ ഈ സർക്കാർ നിരവധി നൂതന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടെന്നും ജനസംഖ്യയെക്കാൾ ഉയർന്ന അനുപാതത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായി ബജറ്റ് വിഹിതം വകയിരുത്തുന്ന ഏക സംസ്ഥാനം കേരളമാണെന്നും സഭയെ അറിയിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ അതിദാരിദ്ര്യമുക്തമാക്കാൻ അടിയ, പണിയ പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാർ - വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി, ഭക്ഷണത്തിനുള്ള സഹായം/ഭക്ഷ്യസുരക്ഷയ്ക്കുള്ള പരിപാടി, സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം, ഭവന നിർമ്മാണം - അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം, ഭവനരഹിത പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണം, അംബേദ്ക്കർ സെറ്റിൽമെന്റ് വികസനം, പട്ടികവർഗ്ഗ ഉന്നതികൾക്കായുള്ള ഉപജീവന മിഷൻ, പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം, കേരള ട്രൈബൽ പ്ലസ്, പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പട്ടികവിഭാഗങ്ങളിലെ അതിദാരിദ്ര്യമുക്ത ജനവിഭാഗങ്ങൾ വീണ്ടും അതിദാരിദ്ര്യത്തിലേക്ക് വഴുതിവീഴാതിരിക്കാനും അവർക്ക് സുസ്ഥിരമായ ജീവിത സാഹചര്യം ഉറപ്പാക്കാനും ലക്ഷ്യമിട്ട് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി രണ്ടാംഘട്ടത്തിന്റെ പ്രാരംഭ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ഉന്നതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക, വികസനം ഉറപ്പാക്കി പട്ടികവർഗ്ഗക്കാരുടെ മൊത്തത്തിലുള്ള ക്ഷേമം വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങളിലെ നിർണായക

വിടവുകൾ നികത്താനുള്ള പ്രത്യേക പാക്കേജ് നടപ്പാക്കുന്നുണ്ട്. അടുത്തടുത്തുള്ള ഉന്നതികളെ സംയോജിപ്പിച്ച് ക്ലസ്റ്റർ മാതൃകയിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കാൻ ഉത്തരവായിട്ടുണ്ടെന്നും പദ്ധതി പ്രവൃത്തികൾ ഏത് അക്രെഡിറ്റഡ് ഏജൻസിക്ക് കൊടുക്കണമെന്ന് അതത് ജനപ്രതിനിധികൾക്ക് തീരുമാനിക്കാമെന്നും പദ്ധതി വിഹിതം വർധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും പതിനഞ്ചിൽതാഴെ ഗുണഭോക്താക്കളുള്ള ഉന്നതികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി 'ഐശ്വര്യ ഗ്രാമം' പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവാക്കൾക്ക് അംഗീകൃത പരിശീലന സ്ഥാപനങ്ങൾവഴി ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനം നൽകി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ സ്വന്തംരീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ പ്രാപ്തരാക്കുന്നതിനുള്ള ആധുനിക തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ വകുപ്പ് നടത്തിവരുന്നുണ്ട്. ഐ.ടി.ഐ. യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരായ യുവതീയുവാക്കൾക്ക് കെ-ഡിസ്ക് മുഖേന അഡീഷണൽ നൈപുണ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന 'ഉന്നതി വിജ്ഞാന കേരള' പദ്ധതിയുടെ ആദ്യഘട്ടത്തിൽ 80-ഓളം പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് കേരളത്തിലുടനീളംനടന്ന പത്തുദിന ബ്രിഡ്ജിങ് കോഴ്സിൽ പരിശീലനം നൽകുകയും അവരെ ജോബ് ഫെയറിലേക്ക് എത്തിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പട്ടികവിഭാഗങ്ങളിലെ ബിരുദധാരികളും അഭ്യസ്തവിദ്യരുമായ യുവതീയുവാക്കൾക്ക് ബന്ധപ്പെട്ട പഠനമേഖലകളിൽ മികച്ച തൊഴിൽ പരിചയം ആർജിക്കാൻ അവസരം നൽകുന്നതിനായി വകുപ്പിൽ TRACE (Training for Career Excellence) പദ്ധതി നടപ്പാക്കുന്നുണ്ട്. ഉന്നതി വിദേശപഠന സ്കോളർഷിപ്പ് പ്രകാരം 1160

പട്ടികവിഭാഗ വിദ്യാർഥികൾ വിദേശത്ത് പഠിക്കുന്നുണ്ടെന്നും 2026 ജനവരി വരെയുള്ള ലംപ്സം ഗ്രാന്റും സ്കോളർഷിപ്പും പൂർണമായി കൊടുത്തുതീർത്തെന്നും ചാലക്കുടി നിയോജകമണ്ഡലത്തിലെ ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന വിഷയം ഉദ്യോഗസ്ഥരുമായും വനം വകുപ്പുമന്ത്രിയുമായും ചർച്ച ചെയ്തെന്നും നിലമ്പൂർ നിയോജകമണ്ഡലത്തിൽ പ്രളയത്തിൽപ്പെട്ട് വീടും പാർപ്പിടവും പൂർണമായും നഷ്ടപ്പെട്ട ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുകയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12 (*62) **<u>ആദിവാസി വിദ്യാർഥികളുടെ പഠനം കാര്യക്ഷമമാക്കുന്നതിന് നടപടി</u>**

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികളുടെ പഠനം കാര്യക്ഷമമാക്കാൻ പ്രീമെട്രിക് & പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കോളർഷിപ്പ്, സമർഥരായ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം, വിദ്യാവാഹിനി, എം.ആർ.എസ്.-കൾ, പ്രീമെട്രിക് & പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, സ്മാർട്ട് പഠനമുറികൾ, ഗോത്രബന്ധു, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സാമൂഹിക പഠനമുറികൾ, ലാപ്ടോപ് വിതരണം, അന്യസംസ്ഥാന/വിദേശപഠന ധനസഹായം, സിവിൽ സർവീസ് പരിശീലനം, കൊമേർഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്, പി.എസ്.സി. പരിശീലന പരിപാടി, എൻട്രൻസ് കോച്ചിങ്, ട്യൂട്ടോറിയൽ ഗ്രാന്റ്, റെസിഡൻഷ്യൽ കോച്ചിങ് ക്യാമ്പ്, ഗിരിവികാസ് പദ്ധതി തുടങ്ങിയ നിരവധി പദ്ധതികൾ വകുപ്പ് നടപ്പാക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ, സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകാരമുള്ള യൂണിവേഴ്സിറ്റികൾ/സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ/ഡിപ്ലോമ

കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, NCVT അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ തുടങ്ങിയവയ്ക്ക് പോസ്റ്റ്മെട്രിക് പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ പ്രവേശനപരീക്ഷയിലൂടെ മെരിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ അന്യസംസ്ഥാനത്ത് പ്രവേശനം നേടുന്നവർക്കും കേരളത്തിൽ നിലവിലില്ലാത്ത പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ വിദേശത്ത് പഠിക്കുന്നവർക്കും ഉന്നതി സ്കോളർഷിപ്പും സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർഥികൾക്ക് വിദേശത്തെ മികച്ച സർവകലാശാലകളിൽ പഠിക്കുന്നതിന് ODEPC മുഖേന വിദേശ പഠനസഹായവും അനുവദിക്കുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു. പ്രൈമറിതലത്തിലെ പട്ടികവർഗ്ഗ വിദ്യാർഥികളുടെ ഭാഷാപ്രശ്നങ്ങൾമൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങളോടെ സർക്കാർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ച് നൽകാൻ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരുടെ സേവനം ലഭ്യമാക്കുകയും വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിനുകീഴിലുള്ള 364 സാമൂഹ്യ പഠനമുറികളിൽ പ്രത്യേകം ക്യാമ്പുകൾ സംഘടിപ്പിച്ച് പൊതുപരീക്ഷയ്ക്ക് വിദ്യാർഥികളെ സജ്ജരാക്കുകയും പരീക്ഷാകാലയളവിൽ എസ്.എസ്.എൽ.സി., പ്ലസ്‌വൺ, പ്ലസ്ടു വിദ്യാർഥികൾക്ക് പ്രത്യേക കോച്ചിങ് നൽകുകയും ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് പഠനമുറി നിർമ്മിക്കാൻ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 2.50 ലക്ഷം രൂപ വരെ അനുവദിക്കുകയും ചെയ്യുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിലുള്ള ഐ.ടി.ഐ.-കളിൽ കാലാനുസൃതമായ

തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിയെന്നും ഡ്രോപ് ഔട്ടാകുന്ന വിദ്യാർത്ഥികൾക്കായി 'ബാക്ക് ടു സ്കൂൾ' പദ്ധതി നടപ്പാക്കുമെന്നും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് കുറ്റിച്ചൽ എം.ആർ.എസ്.-ന്റെ നിർമ്മാണം പുനരാരംഭിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*63) **ജലനയം**

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, ദേശീയ ജലനയവും കേരളത്തിന്റെ തനത് സവിശേഷതകളും കണക്കിലെടുത്തും കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ഭാവിയിൽ സുസ്ഥിര ജലസുരക്ഷ എല്ലാവിഭാഗം ജനങ്ങൾക്കും ഉറപ്പാക്കുന്നതിനുമായി സംസ്ഥാന ജലനയം പരിഷ്കരിക്കാൻ രൂപീകരിച്ച വിദഗ്ധ സമിതിയുടെ പ്രഥമ റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണെന്നും വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ജനവിഭാഗങ്ങൾ എന്നിവരുമായി ചർച്ചകൾ ചെയ്യേണ്ടതിനാൽ ഇക്കാര്യത്തിൽ ത്വരിതനടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി ബിൽഡിങ് റൂൾസ് പ്രകാരം കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (ഭൂജല പര്യവേഷണ പഠന റിപ്പോർട്ട്) അടിസ്ഥാനമാക്കിയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ മുൻകൂർ പെർമിറ്റും വ്യാവസായികാടിസ്ഥാനത്തിൽ ഭൂജല സ്രോതസ്സുകൾ ഉപയോഗിക്കുന്ന പദ്ധതികൾക്കും ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകളിൽ ഗാർഹിക ആവശ്യത്തിനുള്ള തുറന്ന കിണറുകൾ ഒഴികെ മറ്റെല്ലാ ഭൂജല സ്രോതസ്സുകളുടെ നിർമ്മാണത്തിനും യഥാക്രമം സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റും നിരാക്ഷേപപത്രവും ആവശ്യമാണ്. അശാസ്ത്രീയ

കിണർ നിർമ്മാണം നിയന്ത്രിക്കാനുള്ള വ്യവസ്ഥകൾ 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണം തടയാനുള്ള വ്യവസ്ഥകൾ ആക്റ്റിൽ ഉൾപ്പെടുത്താൻ നടപടി ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വരൾച്ചയും ജലക്ഷാമവും നേരിടുന്ന പ്രദേശങ്ങളിലെ അമിത ഭൂജല ഉപയോഗം നിയന്ത്രിക്കാൻ ദുരന്തനിവാരണ നിയമപ്രകാരം അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും കർശനമായി നടപ്പാക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് തുല്യപങ്കാളിത്തമുള്ള ജൽജീവൻ മിഷൻ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 8000 കോടി രൂപ അനുവദിച്ചതിനുപുറമെ 9000 കോടി നബാർഡിൽനിന്ന് വായ്പയെടുക്കാൻ തീരുമാനിക്കുകയും 5000 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ജൽജീവൻ മിഷൻ 2028 മാർച്ച് വരെ നീട്ടിയെങ്കിലും ആകെ 5500 കോടി രൂപയാണ് അനുവദിച്ചത്. സംസ്ഥാനത്ത് എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള 86 ലാബുകളിൽ ജലഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനമുണ്ടെന്നും 5000 കുടുംബശ്രീകൾക്ക് ജലപരിശോധനയ്ക്കുള്ള ഫീൽഡ് ടെസ്റ്റ് കിറ്റ് കൊടുത്തിട്ടുണ്ടെന്നും സ്കൂൾ കുട്ടികൾക്ക് ജലവിനിയോഗം സംബന്ധിച്ച അവബോധം നൽകാൻ 900 ജലശ്രീ ക്ലബുകൾ ആരംഭിച്ചെന്നും 28 സ്കൂളുകളിൽ ജലഗുണനിലവാരം പരിശോധിക്കാൻ സംവിധാനമുണ്ടെന്നും ഹരിതകേരളം മിഷന്റെ ഭാഗമായി ഹയർ സെക്കന്ററി സ്കൂളുകളിൽ ജലത്തിന്റെ പ്രാഥമിക ഗുണനിലവാര പരിശോധനയ്ക്കുള്ള ലാബുകൾ സജ്ജീകരിച്ചിട്ടുണ്ടെന്നും 335 സ്കൂൾ ലാബുകളിലായി ഇതുവരെ 43936 ടെസ്റ്റുകൾ നടത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

14 (*64) **വന്യജീവി ആക്രമണ പ്രതിരോധ നടപടി**

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി 12 മിഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും വകുപ്പുതലത്തിലും സർക്കാർതലത്തിലും അവയുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ടെന്നും മിഷനുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾമൂലമുള്ള മരണനിരക്ക് ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി പഞ്ചായത്തുകളിൽ ഹെൽപ് ഡെസ്കുകൾ ആരംഭിച്ച് അടിയന്തര പ്രാധാന്യത്തോടെ പരാതികൾ തീർപ്പാക്കിയതിലൂടെ പരാതികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിലൂടെ വനം വകുപ്പ് ജീവനക്കാരുടെ വന്യജീവി സംഘർഷ ലഘൂകരണ പ്രക്രിയയിലെ കാര്യക്ഷമത വർധിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിലുള്ള വനാതിർത്തി പ്രദേശങ്ങളിലെ തദ്ദേശവാസികളുടെ സഹകരണം അവരുടെ തൊഴിലവസരങ്ങളും വരുമാനവും വർധിക്കാൻ കാരണമായെന്നും മന്ത്രി വ്യക്തമാക്കി. മുൻകാലങ്ങളെ അപേക്ഷിച്ച് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കാരണമുള്ള കഷ്ടനഷ്ടങ്ങൾക്ക് പരമാവധി ധനസഹായം നൽകാനും കുടിശ്ശിക തുലോം കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെയുള്ള മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ, പി.ആർ.ടി.-കളുടെ രൂപീകരണം, സർപ്പ വോളന്റിയർമാരുടെ സേവനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഗോത്രവർഗ്ഗ അറിവുകൾ ശേഖരിക്കുന്നതിനുള്ള മിഷൻ ഗോത്രഭേരി, തീവ്രയജ്ഞ പരിപാടി തുടങ്ങിയ പ്രവർത്തികളിലൂടെ വനം വകുപ്പ് ഉദ്യോഗസ്ഥരും പൊതുജനങ്ങളും തമ്മിലുള്ള സൗഹൃദം മെച്ചപ്പെടുത്താൻ

സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2903.781 ഹെക്ടർ ഏകവിളത്തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റുകയും മനുഷ്യ-വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനത്തിന് സംസ്ഥാന ബജറ്റിൽ 29 കോടി രൂപ അധികമായി അനുവദിക്കുകയും കാട്ടുപന്നികളെ വെടിവച്ചുകൊല്ലുന്ന ഷൂട്ടർമാരുടെ ധനസഹായം 1000 രൂപയായും സംസ്കാരനടപടികൾക്കുള്ള ധനസഹായം 2000 രൂപയായും വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആർ.ആർ.റ്റി.-കളുടെ ആധുനികവൽക്കരണത്തിനായി കിഫ്ബിയിൽനിന്നും 100 കോടി രൂപ അനുവദിക്കുകയും ആറ് മിനി ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തനിവാരണ അതോറിറ്റി മുഖാന്തരം വനാന്തരങ്ങളിലെ റോഡുകൾക്കിരുവശത്തുമുള്ള അപകടസാധ്യതയുള്ള മരങ്ങൾ മുറിച്ചുമാറ്റാവുന്നതാണെന്നും മരങ്ങൾ വീണ് മരണപ്പെടുന്നവർക്ക് പ്രത്യേക ധനസഹായം നൽകുന്നത് പരിഗണിക്കാമെന്നും തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വനാതിർത്തിയിൽ സോളാർ ഫെൻസിങ് സ്ഥാപിക്കാൻ അനുമതി നൽകിയെന്നും ജനവാസ മേഖലയിലെത്തുന്ന വന്യമൃഗങ്ങളെ പിടികൂടി തൃശ്ശൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റുന്നുണ്ടെന്നും പിടികൂടുന്ന വന്യമൃഗങ്ങളുടെ സംരക്ഷണത്തിനും ചികിത്സയ്ക്കുമായി പേരാമ്പ്രയിൽ ഒരു സ്ഥാപനം ആരംഭിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

15 (*65) **കിഫ്ബി മുഖേന മത്സ്യമാർക്കറ്റുകളുടെ നവീകരണം**

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കാൻ അനുമതി നൽകിയെന്നും അവയിൽ മൂന്നെണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചെന്നും ഏഴെണ്ണത്തിന് സ്ഥലം

ലഭ്യമാകാനുണ്ടെന്നും ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും സഭയെ അറിയിച്ചു. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി (RIDF) ട്രാഞ്ചേ 25-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ നെടുമൺകാവും സംസ്ഥാന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ നൂറനാട്ടും മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിക്കുകയും കൊല്ലം ജില്ലയിലെ എഴുകോണിൽ അത്യാധുനിക മാർക്കറ്റ് സമുച്ചയത്തിന്റെയും കലയപുരത്ത് അത്യാധുനിക മാർക്കറ്റിന്റെയും നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായത്തോടെ ആലുവയിൽ അത്യാധുനിക മത്സ്യമാർക്കറ്റ് സമുച്ചയ നിർമ്മാണം പുരോഗമിച്ചുവരികയും കോഴിക്കോട് ജില്ലയിൽ അത്യാധുനിക മത്സ്യമാർക്കറ്റ് സമുച്ചയം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായത്തോടെ നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിങ് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാലപേട്ട മത്സ്യഗ്രാമത്തിലെ തലായിൽ മത്സ്യമാർക്കറ്റും ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിങ് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ ഞാറക്കൽ, ഇടവനക്കാട് മത്സ്യഗ്രാമങ്ങളിൽ അത്യാധുനിക മത്സ്യമാർക്കറ്റ് നിർമ്മാണവും നടപ്പാക്കുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. 2026 ജനുവരി മുതൽ മത്സ്യത്തൊഴിലാളികൾക്ക് 2500 രൂപ വീതം വിരമിക്കൽ ആനുകൂല്യം നൽകാൻ തീരുമാനിച്ചെന്നും 67440 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും മത്സ്യബന്ധന യാനങ്ങൾ പരിശോധിച്ച് ഉപയോഗയോഗ്യമായവയുടെ കാലാവധി നീട്ടിനൽകാൻ 23 സർവേയർമാരെ എംപാനൽ ചെയ്തുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

- - - - - - - - - - -